# ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്

## അബ്ദുല്ലാഹ് അത്തുർജ്ജുമാൻ കഥ പറയുന്നു



വിവ : അനസ് നദീരി

بسم الله الرحمن الرحيم

[സ്പെയ്നിലെ മല്ലോർക്ക എന്ന പ്രദേശത്ത് അറുന്നൂറിലധികം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന കൃസ്തീയ പുരോഹിതനായിരുന്ന Anselm Turmeda. ഇസ്ലാം സ്വീകരിച്ച ശേഷം അബ്ദുല്ലാഹ് എന്ന പേര് സ്വീകരിച്ചു. ടുണീഷ്യയിലെ സുൽത്ത്വാന് വരുന്ന കത്തുകൾ വിവർത്തനം ചെയ്തിരുന്നതിനാൽ 'അബ്ദുല്ലാ അത്തുർജുമാൻ' എന്ന് അറിയപ്പെട്ടു. ഹി. 832 ൽ ടുണീഷ്യയിൽ വെച്ചാണ് അദ്ദേഹം മരണപ്പെടുന്നത്.

തുഹ്ഫത്തുൽ അരീബ് എന്ന അദ്ദേഹത്തിന്റെ പ്രശസ്ത ഗ്രന്ഥത്തിന്റെ ആമുഖത്തിൽ അദ്ദേഹം തന്റെ ഇസ്ലാം സ്വീകരണത്തെ കുറിച്ച് സംസാരിക്കുന്ന ഭാഗമാണ് ഇവിടെ വിവർത്തനം ചെയ്തിട്ടുള്ളത്. അല്ലാഹു അദ്ദേഹത്തിന് റഹ്മത്ത് ചൊരിയുകയും നമ്മെയും അദ്ദേഹത്തെയും അവന്റെ സ്വർഗത്തിൽ ഒരുമിച്ച് കൂട്ടുകയും ചെയ്യട്ടെ.]

അദ്ദേഹം പറയുന്നു:

മല്ലോർക്കയാണ് എന്റെ നാട്. സമുദ്രത്താൽ ചുറ്റപ്പെട്ട രണ്ട് പർവ്വതങ്ങൾക്കിടയിലെ ഒരു ചെറിയ താഴ്‌വര, കൂറ്റൻ കച്ചവട കപ്പലുകൾ വന്ന് നങ്കൂരമിടുന്ന രണ്ട് തുറമുഖങ്ങളടങ്ങിയ വാണിജ്യ പ്രദേശം. ഇവിടുത്തെ പ്രധാന പട്ടണത്തിന്റെ പേരും മല്ലോർക്ക എന്നാണ്. ഒലീവും അത്തിയുമാണ് ഇവിടുത്തെ പ്രധാന വിളവുകൾ... നൂറ്റി ഇരുപതിലധികം വാസയോഗ്യമായ കോട്ടകളും, പല പ്രദേശത്തു നിന്നായി കടലിലേക്കൊഴുകുന്ന ഒരുപാട് അരുവികളും ഈ കൊച്ചു ദേശത്തുണ്ട്.

മല്ലോർക്ക പട്ടണക്കാരനായ പിതാവിന്റെ ഒരേയൊരു മകനായാണ് ഞാൻ ജനിക്കുന്നത്. ആറ് വയസ്സായപ്പോൾ പിതാവ് എന്നെ ഒരു പുരോഹിതനായ അധ്യാപകനെ ഏൽപ്പിച്ചു. അദ്ദേഹത്തിന്റെ അടുക്കൽ ഞാൻ ബൈബിൾ പഠിക്കുകയും, പകുതിയിലധികം മന:പ്പാഠമാക്കുകയും ചെയ്തു. ശേഷം ആറ് വർഷം ഞാൻ ബൈബിളിന്റെ ഭാഷയും ഫിലോസഫിയും പഠിച്ചു. ശേഷം ഞാൻ കൃസ്ത്യാനികളുടെ അന്നത്തെ അറിവിന്റെ കേന്ദ്രമായ കാസ്റ്റെലിലെ ലെയ്ഡ എന്ന പ്രദേശത്തേക്ക് യാത്ര തിരിച്ചു. അവിടുത്തെ താഴ്‌വരയിൽ  സ്വർണത്തിന്റെ അംശമുള്ള മണൽ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അത് ഖനനം ചെയ്തെടുക്കാനുള്ള ചിലവ് കൂടുതലായത് കൊണ്ട് അങ്ങനെത്തന്നെ ഉപേക്ഷിച്ചിരിക്കുകയാണ്. പലതരം പഴങ്ങളും ഇവിടെയുണ്ട്. പീച്ച് പഴം കർഷകർ നാലായി മുറിച്ച് വെയിലത്ത് ഉണക്കാനിട്ടത് ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ മത്തനും, വാൽനട്ടുമൊക്കെ അവർ ഉണക്കുകയും ശൈത്യകാലത്ത് രാത്രിയിൽ അത് വെള്ളത്തിൽ കുതിർത്തി പകലിൽ പുതിയത് പോലെ ഉപയോഗിക്കുകയും ചെയ്യും. ആയിരമോ, ആയിരത്തി അഞ്ഞൂറോ കൃസ്ത്യൻ മത വിദ്യാർത്ഥികൾ ഇവിടെയുണ്ട്. അവരുടെയെല്ലാം നേതൃത്വം അവരെ പഠിപ്പിക്കുന്ന പുരോഹിതനാണ്. കുങ്കുമമാണ് ഇവിടുത്തെ പ്രധാന കൃഷി. അവിടെ ഞാൻ ആറ് വർഷം

പ്രകൃതിശാസ്ത്രവും, ജ്യോതിശാസ്ത്രവും പഠിച്ച ശേഷം നാല് വർഷം ബൈബിളും, ബൈബിളിന്റെ ഭാഷാ പഠനം തുടരുകയും ചെയ്തു.

പിന്നീട് ഞാൻ ബൊലോഗ്ന എന്ന അതിവിശാലമായ നാട്ടിലേക്ക് യാത്ര തിരിച്ചു. ചുവന്ന ഇഷ്ടികകൾ കൊണ്ട് നിർമിച്ച കെട്ടിടങ്ങളുടെ നാട്. ഓരോ ഇഷ്ടികകളിലും അത് നിർമിച്ച കമ്പനിയുടെ സീലുണ്ടായിരിക്കും. ഇഷ്ടികയിൽ വിള്ളൽ വരികയോ മറ്റോ ചെയ്താൽ അതത് കമ്പനി ഉടമകൾ അതിന്റെ നഷ്ടം വകവെച്ച് കൊടുക്കണമെന്നതിന് പുറമെ ശിക്ഷയായി അടിക്കപ്പെടുകയും ചെയ്യും. ഇക്കാര്യം നിരീക്ഷിക്കാനായി പ്രത്യേകം ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവരുണ്ട്.

വിജ്ഞാനത്തിന്റെ നാടാണിത്. ഒരോ വർഷവും വിവിധ ദിക്കുകളിൽ നിന്നായി രണ്ടായിരത്തിലധികം മതവിദ്യാർത്ഥികൾ പ്രത്യേക വസ്ത്രം ധരിച്ച് അവിടെ ഒരുമിച്ച് കൂടും. അവരെ പഠിപ്പിക്കുന്ന പുരോഹിതനല്ലാത്ത മറ്റെല്ലാ വിദ്യാർത്ഥികളും അതേ വസ്ത്രം തന്നെ ധരിക്കണം. അവരിനി നാട് ഭരിക്കുന്ന സുൽത്താനായാലും, സുൽത്താന്റെ മകനായാലും ശരി. അവിടെ അവരുടെ അടുക്കൽ വലിയ സ്ഥാനവും പദവിയുമുള്ള പ്രായം ചെന്ന ഒരു പുരോഹിതന്റെ ചർച്ചിൽ ഞാൻ താമസിച്ചു. നല്ലാവ് മാർട്ടിൽ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അറിവിന്റെയും മതനിഷ്ഠയുടേയും ഭൗതിക വിരക്തിയുടെയുമെല്ലാം കാര്യത്തിൽ അന്നത്തെ കൃസ്ത്യാനികൾക്കിടയിൽ മറ്റൊരാൾക്കുമില്ലാത്ത സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. ലോകത്തിന്റെ പല ദിക്കുകളിൽ നിന്ന് രാജാക്കന്മാരിൽ നിന്നും മറ്റു പ്രമുഖരിൽ നിന്നും ചോദ്യങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ വരുമായിരുന്നു. ചോദ്യങ്ങളുടെ കൂടെ അങ്ങേയറ്റം വിലപിടിപ്പുള്ള സമ്മാനങ്ങളും. അദ്ദേഹം അവരുടെ സമ്മാനങ്ങൾ സ്വീകരിക്കുന്നത് അവർ അനുഗ്രഹമായി കാണുകയും സന്തോഷിക്കുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ അടുക്കൽ നിന്ന് കൃസ്തുമത വിധിവിലക്കുകളും, അതിന്റെ അടിസ്ഥാന തത്ത്വങ്ങളും ഞാൻ പഠിച്ചു. അദ്ദേഹത്തിന്റെ പല

ആവശ്യങ്ങളും നിർവഹിച്ച് കൊടുത്തും, സേവനം ചെയ്തും അദ്ദേഹത്തോട് ഞാൻ അടുത്തു. അങ്ങനെ അദേഹത്തിന്റെ അടുക്കൽ പ്രത്യേകമായ സ്ഥാനം എനിക്ക് ലഭിച്ചു. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ വീടിന്റെയും, ഭക്ഷണ വിഭവങ്ങളുടെ ഖജാനയുടെയും താക്കോൽ അദ്ദേഹം എന്നെ ഏൽപ്പിച്ചു. അദ്ദേഹം പലപ്പോഴും ഒറ്റക്കിരിക്കാറുള്ള ഒരു റൂമിന്റെ താക്കോൽ ഒഴികെ. അത് അദ്ദേഹം എന്നെ ഏൽപ്പിച്ചില്ല.

അദ്ദേഹത്തിന് ലഭിക്കുന്ന വില പിടിപ്പുള്ള സമ്മാനങ്ങളുടെ ഖജനാവാണതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

അങ്ങനെ നീണ്ട പത്ത് വർഷം അദ്ദേഹത്തിന്റെ അടുക്കൽ പഠിച്ചും, സേവനം ചെയ്തും ഞാൻ കഴിച്ചു കൂട്ടി. ഒരിക്കൽ അദ്ദേഹത്തിന് ഒരു രോഗം ബാധിച്ചു. അതു കാരണം സ്ഥിരമായി പങ്കെടുക്കാറുണ്ടായിരുന്ന പുരോഹിതന്മാരുടെ വൈജ്ഞാനിക സദസ്സിൽ പങ്കെടുക്കാൻ സാധിച്ചില്ല. അന്നത്തെ സദസ്സിൽ അദ്ദേഹത്തെ പ്രതീക്ഷിച്ചിരിക്കെ പല വിഷയങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഒടുവിൽ ബൈബിളിലെ തനിക്ക് ശേഷം വരുന്ന "പാരക്ലീറ്റ്" എന്ന പ്രവാചകനെ കുറിച്ചും ചർച്ചയായി. ആരാണ് ആ പ്രവാചകനെന്ന് ഒരോരുത്തരും അവരുടെ അറിവനുസരിച്ച് സംസാരിച്ച് അഭിപ്രായങ്ങൾ പറഞ്ഞു. സുദീർഘമായ ചർച്ചക്കും, തർക്ക വിതർക്കങ്ങൾക്കുമൊടുവിലും കൃത്യമായൊരു ഉത്തരം കണ്ടെത്താനാകാതെ അവർ പിരിഞ്ഞു. തിരിച്ച് ഞാൻ പുരോഹിതന്റെ അടുത്തേക്ക് മടങ്ങി. തന്റെ അഭാവത്തിൽ എന്തെല്ലാമാണ് ഇന്നത്തെ സദസ്സിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ എന്നദ്ദേഹം അന്വേഷിച്ചു. ബൈബിളിൽ പരാമർശിക്കപ്പെട്ട "പാരക്ലീറ്റ്" ആരാണെന്ന ചർച്ചയുണ്ടായെന്നും, ഇന്നയിന്നവരൊക്കെ ഇന്നയിന്ന അഭിപ്രായങ്ങൾ പറഞ്ഞുവെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചു. നീയെന്താണ് ആ വിഷയത്തിൽ പറഞ്ഞതെന്ന് ചോദിച്ചപ്പോൾ ബൈബിളിന്റെ ഇന്ന വ്യാഖ്യാനത്തിൽ പറഞ്ഞതായിരുന്നു എന്റെ അഭിപ്രായം എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു:

"വലിയ കുഴപ്പമില്ല, നീ ശരിയോടടുത്ത ഉത്തരമാണ് പറഞ്ഞത്"

അദ്ദേഹം തുടർന്നു:

"ഇന്നയാൾ പറഞ്ഞത് തെറ്റാണ്, ഇന്നയാൾ പറഞ്ഞത് ശരിയോട് അടുത്തതാണ്, പക്ഷേ സത്യം ഈ പറഞ്ഞതൊന്നുമല്ല, ശ്രേഷ്ഠമായ ഈ നാമത്തിന്റെ വ്യാഖ്യാനം ആഴത്തിൽ അറിവുള്ളവർക്കല്ലാതെ അറിയുകയില്ല. നിങ്ങൾക്കാകട്ടെ വളരെ കുറഞ്ഞ അറിവ് മാത്രമാണ് നൽകപ്പെട്ടിട്ടുള്ളത്"

ഉടനെ അദ്ദേഹത്തിന്റെ കാൽക്കൽ ചെന്ന് പാദങ്ങൾ ചുംബിച്ചു കൊണ്ട് ഞാൻ അപേക്ഷിച്ചു: അങ്ങേക്കറിയാമല്ലോ, ഞാൻ ദൂരദേശത്ത് നിന്ന് ഇവിടെ വന്ന് പത്ത് വർഷമായി താങ്കൾക്ക് സേവനം ചെയ്യുന്നു. ഈ കാലയളവ് കൊണ്ട് ഒരുപാട് നിങ്ങളിൽ നിന്ന് ഞാൻ പഠിച്ചിട്ടുണ്ട്. താങ്കളുടെ ഔദാര്യമെന്നോണം ഈയൊരു കാര്യം കൂടി എനിക്ക് പറഞ്ഞുതരാനുള്ള കനിവുണ്ടാകണം.

ഇത് കേട്ടപ്പോൾ അദ്ദേഹം കരഞ്ഞു.

എന്നിട്ടദ്ദേഹം പറഞ്ഞു:

"മകനേ, അല്ലാഹുവാണ് സത്യം, നീ എനിക്ക് വേണ്ടി ഒഴിഞ്ഞിരിക്കുന്നതും, എനിക്ക് സേവനം ചെയ്യുന്നതും കാരണത്താൽ നീ എനിക്ക് ഏറെ വേണ്ടപ്പെട്ടവനാണ്. ഈ നാമം കൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണ് എന്നറിയുന്നത് വലിയ പ്രയോജനമുള്ള കാര്യവുമാണ്. പക്ഷേ അത് നീ മനസ്സിലാക്കുകയും, അതിന്റെ സ്വാധീനം നിന്നിൽ പ്രകടമാകുകയും ചെയ്താൽ ക്രസ്ത്യൻ സമൂഹം ഉടനെ നിന്നെ കൊന്നു കളയും.

"താങ്കൾ എന്നോട് രഹസ്യമായി പറയുന്ന ഒന്നും തന്നെ താങ്കളുടെ അനുവാദത്തോടെയല്ലാതെ ഞാൻ പുറത്ത് പറയുകയില്ല"

എന്ന് ഞാൻ സത്യം ചെയ്ത് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: മകനേ, നീ ആദ്യമായി എന്റെ അടുക്കൽ വന്നപ്പോൾ ഇസ്ലാമിനോടുള്ള

**നിന്റെ വെറുപ്പ് മനസ്സിലാക്കാനായി നിന്റെ നാട് മുസ്ലിംകളോട് അടുത്താണോ, നിങ്ങൾക്കും അവർക്കുമിടയിൽ സായുധ ആക്രമണങ്ങൾ ഉണ്ടാകാറുണ്ടോ എന്നെല്ലാം ഞാൻ അന്വേഷിച്ചിരുന്നു.**

**"മകനേ, നീ അറിയണം "പാരക്ലീറ്റ്" അവരുടെ പ്രവാചകനായ മുഹമ്മദ് ﷺ ആണ്.[1] ദാനിയേൽ പ്രവാചകൻ സന്തോഷ വാർത്തയറിയിച്ച നാലാമത്തെ വേദഗ്രന്ഥം നൽകപ്പെട്ട പ്രവാചകൻ. അദ്ദേഹത്തിന് ഗ്രന്ഥം നൽകപ്പെട്ടുമെന്നും, അദ്ദേഹം പഠിപ്പിക്കുന്ന മതമാണ് സത്യമതമെന്നും, അദ്ദേഹത്തിന്റെ മാർഗമാണ് ബൈബിളിൽ പരാമർശിക്കപ്പെട്ട തെളിഞ്ഞ മാർഗമെന്നും ദാനിയേൽ പ്രവാചകൻ അറിയിച്ചിട്ടുണ്ട്"[2]**

**എങ്കിൽ ഇന്നത്തെ ക്രൈസ്ത്യാനികളുടെ മതത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:**

---

1. [പാരക്ലീറ്റിനെ കുറിച്ച് വന്നിട്ടുള്ള വിശേഷണങ്ങൾ നബി ﷺ യോട് പൂർണമായും യോജിച്ച് വരുന്നുണ്ടെന്നും, മറ്റു വ്യാഖ്യാനങ്ങളെല്ലാം ബാലിശമാണെന്നും ഇബ്നുൽ ഖയ്യിം رحمه الله തന്റെ 'ഹിദായത്തുൽ ഹയാറ...' എന്ന ഗ്രന്ഥത്തിൽ വിശദമായി സമർത്ഥിക്കുന്നുണ്ട്.
പ്രസ്തുത ഗ്രന്ഥത്തിന്റെ (പേ. 324 - 341) നോക്കുക.]

2. [ദാനിയേൽ (അലൈഹിസ്സലാം) യുടെ നബി ﷺ യെക്കുറിച്ചുള്ള സന്തോഷ വാർത്തയിൽ വിശദമായി തന്നെ നബി ﷺ യെയും, നബി ﷺ യുടെ ഉമ്മത്തിനെയും വിശേഷിപ്പിക്കുന്നുണ്ട്. പണ്ഡിതന്മാർ വിശദീകരിച്ചത് പ്രകാരം ഇറാഖ് വിജയിച്ചടക്കിയ സന്ദർഭത്തിൽ സ്വഹാബികളുടെ കാലത്ത് മുസ്ലിംകളത് കണ്ടെടുക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ട്. അന്ന് വായിച്ചവരുടെ കൂട്ടത്തിൽ താബിഈയായ അബുൽ ആലിയ അത് വായിക്കുകയും, അതിൽ പറഞ്ഞ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയയുടെ 'അൽ ജവാബുസ്സ്വഹീഹ്' എന്ന ഗ്രന്ഥത്തിന്റെ (5/ 275-281) നോക്കുക.]

"മകനേ, കൃസ്ത്യാനികൾ ഈസാ (അലൈഹിസ്സലാം) പഠിപ്പിച്ച മതം അനുസരിച്ച് നിലകൊണ്ടിരുന്നെങ്കിൽ അവർ അല്ലാഹുവിന്റെ സത്യമതത്തിലാകുമായിരുന്നു. കാരണം ഈസായും (അലൈഹിസ്സലാം) മറ്റെല്ലാ പ്രവാചകന്മാരും യഥാർത്ഥ സത്യമതത്തിലായിരുന്നു നിലകൊണ്ടത്. പക്ഷേ കൃസ്ത്യാനികൾ അവരുടെ മതത്തിൽ മാറ്റത്തിരുത്തലുകൾ വരുത്തുകയും, സത്യനിഷേധികളായിത്തീരുകയും ചെയ്തു."

എന്താണ് ഇതിൽ നിന്നും രക്ഷപ്പെടാനുള്ള വഴി എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

"മകനേ ഇസ്ലാം മതത്തിൽ പ്രവേശിക്കലാണ് രക്ഷപ്പെടാനുള്ള മാർഗം."

ഇസ്ലാമിൽ പ്രവേശിച്ചവർ രക്ഷപ്പെടുമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

"അതെ, ഇഹലോകത്തും പരലോകത്തും രക്ഷപ്പെടും."

ഇത് കേട്ടപ്പോൾ ഞാൻ ചോദിച്ചു: "ബുദ്ധിയുള്ള ഏതൊരാളും അവരുടെ കാര്യത്തിൽ അറിയാവുന്ന ഏറ്റവും നല്ല കാര്യമാണ് തിരഞ്ഞെടുക്കുക. ഇസ്ലാമിന്റെ ശ്രേഷ്ഠത മനസ്സിലാക്കിയിട്ടും മുസ്ലിമാകുന്നതിൽ നിന്ന് താങ്കളെ തടയുന്നതെന്താണ്?!."

അദ്ദേഹം പറഞ്ഞു:

മകനേ, ഞാൻ നിന്നെ അറിയിച്ച ഈ യാഥാർത്ഥ്യങ്ങളും, ഇസ്ലാമിന്റെ ശ്രേഷ്ഠതയും മുഹമ്മദ് നബി ﷺ യുടെ മഹത്ത്വവുമെല്ലാം അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നത് ശരീരം ദുർബലപ്പെട്ട എന്റെ ഈ വാർദ്ധക്യത്തിലാണ്. അതൊരിക്കലും സത്യം സ്വീകരിക്കാതിരിക്കാനുള്ള ന്യായമല്ല.

മറിച്ച് അല്ലാഹുവിന്റെ തെളിവ് നമുക്ക് മേൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. പക്ഷേ നിന്റെ ഈ പ്രായത്തിൽ അല്ലാഹു എനിക്ക് ഈ കാര്യങ്ങൾ അറിയിച്ച് തന്നിരുന്നെങ്കിൽ ഞാൻ എല്ലാം ഉപേക്ഷിച്ച് സത്യമതത്തിൽ പ്രവേശിക്കുമായിരുന്നു.

ദുനിയാവിനോടുള്ള ഇഷ്ടം എല്ലാ തിന്മകളുടേയും അടിസ്ഥാന കാരണമാണ്."[3]

ക്രൈസ്തവാനികളുടെ അടുക്കൽ എനിക്കുള്ള സ്ഥാനവും പദവിയും പ്രശസ്തിയും എന്റെ അടുക്കലുള്ള സമ്പത്തുമെല്ലാം നിനക്കറിയാമല്ലോ. ഇസ്ലാമിലേക്ക് വല്ല ചായ്‌വും എന്റെ അടുക്കൽ നിന്നുണ്ടായതായി കണ്ടാൽ ഉടനെ തന്നെ അവരെന്നെ കൊന്നുകളയും. ഇനി അവരിൽ നിന്ന് രക്ഷപ്പെട്ട് മുസ്ലിംകളുടെ അടുത്ത് എത്തി ഞാനിതാ മുസ്ലിമായിട്ടുണ്ട് എന്ന് അവരോട് പറഞ്ഞാലും, താങ്കൾ ഇസ്ലാം സ്വീകരിച്ചതിന്റെ പ്രയോജനം താങ്കൾക്ക് തന്നെയാണ്, അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് താങ്കൾ രക്ഷപ്പെട്ടു എന്നല്ലാതെ അത് ഞങ്ങളോട് ചെയ്ത ഒരു ഔദാര്യമായി താങ്കൾ മനസ്സിലാക്കരുത് എന്ന് അവർ

---

3. [ ഈസാ (അലൈഹിസ്സലാം) പറഞ്ഞതായി ഉദ്ദരിക്കപ്പെടുന്ന ഈ വാചകം നബി ﷺ യുടെ ഹദീസായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും സ്ഥിരപ്പെട്ടിട്ടില്ല എന്ന് മാത്രമല്ല, അത് മൗദ്വൂഅ് ആണെന്നാണ് പൗരാണികരും ആധുനികരുമായ പല ഹദീസ് പണ്ഡിതന്മാരും വിധിയെഴുതിയിട്ടുള്ളത്. സലഫുകളിൽ ചിലരുടെ വാചകമാണെന്നാണ് ഇബ്നു തൈമിയയെ പോലുള്ളവർ പറഞ്ഞിട്ടുള്ളത്. ഭൗതിക വിഭവങ്ങളോടുള്ള ഇഷ്ടം നിരുപാധികം ശിക്ഷാർഹമല്ല എന്ന് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ, ഇമാം ശൗകാനി, ഇബ്നു ഉസൈമീൻ رحمه الله തുടങ്ങിയവർ ഈ വാചകത്തെ കുറിച്ച് സംസാരിക്കവെ വിശദീകരിച്ചിട്ടുണ്ട്.

ഇബ്നു തൈമിയ رحمه الله പറയുന്നു:

"തിന്മകൾ ചെയ്യാൻ കാരണമാകുന്ന തരത്തിലുള്ള ദുനിയാവിനോടുള്ള ഇഷ്ടമാണ് ശിക്ഷാർഹമായിട്ടുള്ളത്."

(മജ്മൂഉൽ ഫതാവ)]

തിരിച്ച് പറയും. അങ്ങനെ അവർക്കിടയിൽ തൊണ്ണൂറ് കഴിഞ്ഞ ഈ വൃദ്ധൻ ദരിദ്രനായി, അവരുടെ ഭാഷ പോലും അറിയാതെ ജീവിച്ച്, പട്ടിണി കിടന്ന് മരിക്കും. എന്നോടുള്ള കടമകൾ അവർ വകവെച്ച് തന്നു കൊള്ളണമെന്നില്ല. ഞാനിന്നാകട്ടെ ഈസാ (അലൈഹിസ്സലാം) പഠിപ്പിച്ച സത്യമതത്തിലാണ് ജീവിക്കുന്നത്. അങ്ങനെയാണ് ഞാൻ ജീവിക്കുന്നത് എന്ന് എന്നെക്കുറിച്ച് അല്ലാഹുവിന് അറിയാം."

ഇത്രയും കേട്ടപ്പോൾ ഞാൻ ചോദിച്ചു: ''എങ്കിൽ മുസ്ലിംകളുടെ നാട്ടിൽ ചെന്ന് ഇസ്ലാം മതം സ്വീകരിക്കാൻ എന്റെ കാര്യത്തിൽ താങ്കൾ നിർദേശിക്കുന്നുണ്ടോ?'' അദ്ദേഹം പറഞ്ഞു: "രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന വിവേകമുള്ളവനാണെങ്കിൽ നീയത് വൈകിപ്പിക്കരുത്. നിനക്ക് ഇഹലോകവും പരലോകവും ലഭിക്കും. പക്ഷേ മകനേ, ഈയൊരു സംഭാഷണത്തിന് നമ്മൾ രണ്ട് പേർ മാത്രമാണ് സാക്ഷിയായിട്ടുള്ളത്. അത് നീ പരമാവധി മറച്ച് വെക്കുക. മറ്റുള്ളവരിത് അറിഞ്ഞാൽ അവർ നിന്നെ തൽക്ഷണം കൊന്നു കളയും. അങ്ങനെയൊരു സാഹചര്യമുണ്ടായാൽ നിന്നെ സഹായിക്കാൻ എനിക്ക് കഴിയില്ല. സഹായിച്ചാലും അത് നിനക്ക് പ്രയോജനം ചെയ്യില്ല. ഞാൻ ഇങ്ങനെയൊക്കെ പറഞ്ഞതായി നീ പുറത്ത് പറഞ്ഞാൽ ഞാനത് നിഷേധിക്കും. എനിക്കെതിരെ നിന്നെയവർ വിശ്വസിക്കില്ല. നിനക്കെതിരെ എന്നെ വിശ്വസിക്കുകയും ചെയ്യും. നീ ഇത് വല്ലതും പുറത്ത് സംസാരിച്ചാൽ നിന്റെ കാര്യത്തിൽ എനിക്ക് യാതൊരു ഉത്തരവാദിത്തവും ഉണ്ടാവുകയില്ല."

ഇക്കാര്യത്തിൽ വല്ല അബദ്ധവും സംഭവിക്കുന്നതിൽ നിന്നും അല്ലാഹുവോട് രക്ഷ തേടി അദ്ദേഹത്തോട് തൃപ്തികരമായ രൂപത്തിൽ ഉറപ്പ് നൽകി ഞാൻ പുറപ്പെടാനൊരുങ്ങി. യാത്ര ചോദിച്ച് ചെന്നപ്പോൾ എനിക്ക് വേണ്ടി പ്രർത്ഥിക്കുകയും, അമ്പത് ദീനാർ സ്വർണം നൽകുകയും ചെയ്തു. തുടർന്ന് മല്ലോർക്കയിലേക്ക് കപ്പൽ കയറി. ആറ് മാസം അവിടെ പിതാവിന്റെ കൂടെ കഴിച്ച് കൂട്ടിയ ശേഷം സിസിലി ദ്വീപിലേക്ക് പോയി. അഞ്ച് മാസത്തോളം മുസ്ലിംകളുടെ നാട്ടിലേക്ക് പോകുന്ന കപ്പലും കാത്ത് അവിടെ താമസിച്ചു.

അങ്ങനെ ടുണീഷ്യയിലേക്ക് പോകുന്ന കപ്പലെത്തി. ഒരു അസ്തമയ ശോഭ മായുന്ന സമയത്ത് ഞാൻ യാത്ര തിരിച്ചു. ഉച്ചയോട് അടുത്ത സമയത്ത് ടുണീഷ്യൻ തുറമുഖത്ത് കപ്പൽ നങ്കൂരമിട്ടു. ഇറങ്ങിയ ഉടനെ അവിടെയുള്ള ക്രസ്ത്യൻ പുരോഹിതന്മാർ വിവരമറിഞ്ഞ് വാഹനവുമായി എത്തി അവരുടെ താമസ സ്ഥലത്തേക്ക് എന്നെ കൂട്ടി കൊണ്ടു പോയി. അവരുടെ കൂടെ അവിടുത്തെ താമസക്കാരായ കുറച്ച് വ്യാപാരികളും ഉണ്ടായിരുന്നു. വളരെ സുഭിക്ഷമായി അവരുടെ അടുക്കൽ നാല് മാസം കഴിഞ്ഞു.

ടുണീഷ്യൻ സുൽത്ത്വാന്റെ വസതിയിൽ ക്രസ്ത്യാനികളുടെ ഭാഷയറിയുന്ന ആരെങ്കിലുമുണ്ടോ എന്നന്വേഷിച്ചപ്പോൾ സുൽത്ത്വാന്റെ സേവകരിൽ പ്രധാനിയും, അദ്ദേഹത്തിന്റെ വൈദ്യനുമായ യൂസുഫ് എന്നയാളെ കുറിച്ച് വിവരം കിട്ടി. സുൽത്ത്വാന്റെ വളരെ അടുത്തയാളുകൂടിയാണ് അദ്ദേഹം എന്നറിഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. മൗലാനാ അബുൽ അബ്ബാസ് അഹ്മദ് رحمه الله ആയിരുന്നു അന്നത്തെ സുൽത്ത്വാൻ. ഡോ. യൂസുഫിന്റെ വീടന്വേഷിച്ച് ചെന്ന് കണ്ട് ഞാൻ എന്റെ വരവിന്റെ ഉദ്ദേശവും ഇസ്ലാം സ്വീകരിക്കാനുള്ള കാരണവും ആഗ്രഹവും അറിയിച്ചു. എന്റെ ഇസ്ലാം സ്വീകരണം അദ്ദേഹം മുഖേനയാകുന്നതിൽ വളരെ സന്തുഷ്ടനായിരുന്നു അദ്ദേഹം. ഉടനെ അദ്ദേഹത്തിന്റെ കുതിരപ്പുറത്ത് കയറി ഞങ്ങൾ സുൽത്ത്വാന്റെ വസതിയിലെത്തി. ആവശ്യം അറിയിച്ച് അനുവാദം വാങ്ങി സുൽത്ത്വാന്റെ സന്നിധിയിൽ പ്രവേശിച്ചു.

എന്റെ വയസ്സാണ് സുൽത്ത്വാൻ ആദ്യം എന്നോട് ചോദിച്ചത്. അന്നെനിക്ക് മുപ്പത്തിയഞ്ച് വയസ്സായിരുന്നു പ്രായം. പിന്നീട് എന്റെ പഠനത്തെക്കുറിച്ചും ചോദിച്ചറിഞ്ഞ ശേഷം ശഹാദത്ത് ഉച്ചരിച്ച് ഇസ്ലാമിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ വിവർത്തകനായ ഡോക്ടറോട് പറഞ്ഞു:

”സുൽത്ത്വാനോട് ഒരു കാര്യം ആവശ്യപ്പെടാനുണ്ട്. തന്റെ മതം ഉപേക്ഷിക്കുന്ന ഏതൊരാൾക്കും ആദ്യത്തെ മതക്കാരിൽ നിന്നും ധാരാളം കുത്തുവാക്കുകളും ആക്ഷേപങ്ങളും നേരിടേണ്ടിവരും. അതുകൊണ്ട് നിങ്ങളുടെ നാട്ടിലുള്ള പുരോഹിതന്മാരും,

കച്ചവടക്കാരുമായിട്ടുള്ള കൃസ്ത്യാനികളെ വിളിച്ച് വരുത്തി എന്നെ കുറിച്ച് അവരുടെ അഭിപ്രായമെന്താണെന്ന് അവരിൽ നിന്ന് നിങ്ങൾ കേൾക്കാൻ കനിവുണ്ടാകണം. അതിനു ശേഷം ഞാൻ ഇസ്ലാം സ്വീകരിക്കാം.''

ഇത് കേട്ടപ്പോൾ സുൽത്താൻ പറഞ്ഞു:

''സ്വഹാബിയായ അബ്ദുല്ലാഹ് ബ്നു സലാം ഇസ്ലാം സ്വീകരിച്ചപ്പോൾ നബി ﷺ യോട് ആവശ്യപ്പെട്ടത് പോലെയാണ് താങ്കളും ആവശ്യപ്പെട്ടിരിക്കുന്നത്!''

ശേഷം കൃസ്തീയ പുരോഹിതന്മാരെയും, അവരിലെ ചില വ്യാപാരികളെയും വിളിച്ച് വരുത്തിയ സുൽത്താൻ അവരോട് എന്നെക്കുറിച്ചുള്ള അഭിപ്രായം അന്വേഷിച്ചു.

അവർ പറഞ്ഞത് ഇപ്രകാരമായിരുന്നു:

''അല്ലയോ മൗലാനാ, അദ്ദേഹം ഞങ്ങളുടെ മതത്തിലെ വലിയ പണ്ഡിതനാണ്. എത്രത്തോളമെന്നാൽ അറിവിലും മതനിഷ്ഠയിലും അദ്ദേഹത്തേക്കാൾ വലിയ ഒരാളെ ഞങ്ങൾ കണ്ടിട്ടില്ലാ എന്ന് ഞങ്ങളുടെ പണ്ഡിതന്മാർ പറയാറുണ്ട്.''

അദ്ദേഹം ഇസ്ലാം സ്വീകരിക്കുകയാണെങ്കിൽ അദ്ദേഹത്തെക്കുറിച്ച് എന്താണ് നിങ്ങൾ പറയുക എന്ന് സുൽത്താൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു:

''അങ്ങനെ സംഭവിക്കുന്നതിൽ നിന്ന് അല്ലാഹുവിൽ അഭയം, അദ്ദേഹം ഒരിക്കലും അങ്ങനെ ചെയ്യില്ല.'' അവരുടെ അഭിപ്രായം കേട്ടു കഴിഞ്ഞപ്പോൾ സുൽത്താൻ എന്നെ വിളിക്കുകയും അവരുടെ തന്നെ സാന്നിദ്ധ്യത്തിൽ വെച്ച് ഞാൻ ശഹാദത്ത് ചൊല്ലി ഇസ്ലാം സ്വീകരിച്ചു. ഇത് കണ്ടപ്പോൾ അവർ മുഖത്ത് കുരിശ് വരക്കുകയും 'ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചത് വിവാഹം കഴിക്കാനുള്ള ആഗ്രഹമല്ലാതെ മറ്റൊന്നുമല്ല' എന്ന് പറഞ്ഞ് കൊണ്ട് സങ്കടത്തോടെ അവിടെ നിന്ന്

**ഇറങ്ങിപ്പോകുകയും ചെയ്തു.[4] ഞങ്ങളുടെ പുരോഹിതന്മാർക്ക് വിവാഹം കഴിക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല.**

**സുൽത്താൻ എനിക്ക് എല്ലാ ദിവസവും കാൽ ദീനാർ വീട്ടിലെത്തിക്കാൻ ഏർപ്പാട് ചെയ്തു. മുഹമ്മദ് അസ്വഫ്ഫാർ എന്നയാളുടെ മകളെ എനിക്ക് വിവാഹം ചെയ്ത് തന്നു. അവരുമായി വീട് കൂടുന്ന അന്ന് നൂറ് ദീനാർ സ്വർണവും ഒരു മുന്തിയ ഇനം വസ്ത്രവും**

---

4. [ഏകദേശം ഇതിനോട് സമാനമാണ് ജൂതമതം ഉപേക്ഷിച്ച് ഇസ്ലാം സ്വീകരിച്ച അബ്ദുല്ലാഹ് ബ്നു സലാം رضي الله عنه വിന്റെ സംഭവം.

മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ റസൂലാണെന്ന് ബോധ്യപ്പെട്ടയുടനെ ശഹാദത്ത് ഉച്ചരിച്ച ശേഷം അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, യഹൂദികൾ കള്ളം കെട്ടിച്ചമക്കുന്ന ജനതയാണ്. അതുകൊണ്ട് ഞാൻ ഇസ്ലാം സ്വീകരിച്ച വിവരം അവർ അറിയുന്നതിന് മുമ്പ് അവരോട് എന്നെക്കുറിച്ച് ചോദിച്ചാലും. അങ്ങനെ യഹൂദികൾ വന്നപ്പോൾ നബി ﷺ ചോദിച്ചു: നിങ്ങൾക്കിടയിൽ അബ്ദുല്ലാഹ് ബ്നു സലാം എങ്ങനെയുള്ളവനാണ്? അവർ പറഞ്ഞു: "അദ്ദേഹം ഞങ്ങളിൽ ഏറ്റവും ഉത്തമനും ഏറ്റവും ഉത്തമനായവരുടെ മകനുമാണ്. ഞങ്ങളിൽ ഏറ്റവും ശ്രേഷ്ഠനും ഏറ്റവും ശ്രേഷ്ഠനായവരുടെ മകനുമാണ്." നബി ﷺ ചോദിച്ചു: അദ്ദേഹം ഇസ്ലാം സ്വീകരിക്കുകയാണെങ്കിൽ എന്തായിരിക്കും നിങ്ങളുടെ നിലപാട്? അവർ പറഞ്ഞു: അല്ലാഹു അങ്ങനെ ഒരു അവസ്ഥയിൽ നിന്ന് അദ്ദേഹത്തെ കാത്തു കൊള്ളട്ടെ. നബി ﷺ അത് തന്നെ ആവർത്തിച്ച് ചോദിച്ചു. അവരും അതേ മറുപടി തന്നെ നൽകി. അപ്പോൾ അബ്ദുല്ലാഹ് ബ്നു സലാം അവിടേക്ക് വരികയും ശഹാദത്തിന്റെ രണ്ട് കലിമത്തുകളും ഉച്ചരിച്ച് തന്റെ ഇസ്ലാം സ്വീകരണം അറിയിച്ചു.

ഇത് കേട്ടപ്പോൾ അവർ അദ്ദേഹത്തെ ആക്ഷേപിച്ചു കൊണ്ട് പറഞ്ഞു: ഞങ്ങളിൽ ഏറ്റവും മോശപ്പെട്ടവനും ഏറ്റവും മോശപ്പെട്ടവരുടെ മകനുമാണ് ഇദ്ദേഹം. അപ്പോൾ അദ്ദേഹം പറഞ്ഞു: “റസൂലേ, ഇതാണ് ഞാൻ ഭയപ്പെട്ടിരുന്ന കാര്യം. (ബുഖാരി)]

നൽകി. ആ വിവാഹത്തിൽ എനിക്കുണ്ടായ കുട്ടിക്ക് ഞാൻ നബി ﷺ യുടെ പേരിലുള്ള ബറകത്ത് പ്രതീക്ഷിച്ച് കൊണ്ട് മുഹമ്മദ് എന്ന് പേരിട്ടു.

(ശൈഖിന്റെ തുഹ്ഫത്തുൽ അരീബ് എന്ന ഗ്രന്ഥത്തിൽ നിന്ന്)

••----•----•• ✦ ✿ ✦ ••----•----••